ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in,
dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം–695011

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

---

**നമ്പർ. ജെ 1/2788/2020/മെ.വി.വ** **തീയതി: 31-07-2024**

സ്വീകർത്താവ്,
പ്രിൻസിപ്പാൾ
ഗവ. മെഡിക്കൽ കോളേജ്
തിരുവനന്തപുരം

സർ/മാഡം,

വിഷയം : മെ.വി.വ. — ജീവനക്കാര്യം - തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ സുഗമമായ പ്രവർത്തനത്തിനായി സൃഷ്ടിച്ച '40' സ്റ്റാഫ് നേഴ്സ് തസ്തികകളിൽ കരാർ/ദിവസ വേതന അടിസ്ഥാനത്തിൽ നിയമനം നടത്തുന്നത് - പുതുക്കിയ ലിസ്റ്റ്-സംബന്ധിച്ച്.

സൂചന : 1. സ.ഉ.(കൈ) നം. 99/2020/ആ.കു.വ, തിയതി.02/07/2020

2. ജെ1/2788/2020/മെ.വി.വ തീയതി- 17/03/2024

3 20/06/2024 തീയതിയിലെ ഇ.എൻ6/7006/2023/ജി.എം.സി.റ്റി നമ്പർ കത്ത്

സൂചന '1' സർക്കാർ ഉത്തരവിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. കോവിഡ്- 19 പൊട്ടിപ്പുറപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ, പൊതുജനങ്ങൾക്ക് പ്രത്യേക ചികിത്സ ലഭ്യമാക്കുന്നതിനായി, തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ സുഗമമായ പ്രവർത്തനത്തിനായി, മേൽ സൂചന സർക്കാർ ഉത്തരവ് പ്രകാരം, **'16'** അധ്യാപക തസ്തികകളും ഒരു ഹെഡ് നേഴ്സ് തസ്തികയും സൃഷ്ടിച്ചും, **'86'** അനധ്യാപക തസ്തികകളിൽ കരാർ/ദിവസ വേതന അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് / തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന് അനുമതി നൽകിയും ഉത്തരവായിരുന്നു.

ഇപ്രകാരം അനുമതി ലഭിച്ച **'40'** സ്റ്റാഫ് നേഴ്സ് മാരുടെ തസ്തികകളിൽ, നിലവിലുള്ള വ്യവസ്ഥകൾക്കും/സർക്കാർ ഉത്തരവുകൾക്കും വിധേയമായി, വിദ്യാഭ്യാസ യോഗ്യത ഉറപ്പുവരുത്തി, കരാർ/ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനായി താങ്കൾക്ക് അനുമതി നൽകുന്നു.

സൂചന 2 പ്രകാരം മൾട്ടി സ്പെഷ്യാലിറ്റിയിലെ 4 ഒഴിവിലേക്ക് നിയമനം നൽകുവാനുള്ള ഉദ്യോഗ്യാർത്ഥികളുടെ ലിസ്റ്റ് താങ്കളുടെ കാര്യാലയത്തിലേക്ക് അയച്ച് നൽകിയിരുന്ന എങ്കിലും പ്രസ്തുത നിയമന ലിസ്റ്റിലെ ഉദ്യോഗാർത്ഥികൾ മുൻപ് തൃശ്ശൂർ, കോഴിക്കോട് കോളേജുകളിൽ പോസ്റ്റിംഗ് ലഭിച്ചിട്ടുള്ളവരാണെന്ന പരാതിയെ തുടർന്നും പെരുമാറ്റച്ചട്ടം നിലവിലുള്ളതിനാലും പോസ്റ്റിംഗ് താൽകാലികമായി നിർത്തിവെയ്ക്കുവാനായി അറിയിച്ചിരുന്നു. ടി പരാതി പരിശോധിച്ചത് പ്രകാരം അഖിൽ, നിതിൻ എന്നീ ഉദ്യോഗാർത്ഥികൾ മുൻപ് ജോലി ചെയ്തിട്ടുണ്ടെന്ന വിവരം ലഭ്യമായതിനെ തുടർന്ന് നിലവിലെ പോസ്റ്റിംഗ് ലിസ്റ്റിൽ നിന്നും ടിയാളുകളെ ഒഴിവാക്കി പുതുക്കിയ ലിസ്റ്റ്തയ്യാറാക്കിയിട്ടുള്ളതാകുന്നു.

കൂടാതെ മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്കിൽ നിലവിൽ 7 ഒഴിവുള്ളതായി താങ്കളുടെ കാര്യാലയത്തിൽ നിന്നും സൂചന 3 പ്രകാരം അറിയിച്ചിരിക്കുന്നു .ആയതിനാൽ ടി തസ്തികയിൽ കരാർ/ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനായി, ഡി.എം.ഇ താൽക്കാലിക നിയമനത്തിനായി അപേക്ഷ സമർപ്പിച്ചവരിൽ **'6'**

പേരുടെ ലിസ്റ്റ് തുടർനടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു. ശേഷിക്കുന്ന ഒരു ഒഴിവ് സർക്കാരിൽ നിന്നും 22/09/2022 തീയതിയിലെ സ.ഉ (സാധാ) നമ്പർ.2311/2022/ആ.കു.വ നമ്പർ ഉത്തരവ് പ്രകാരം സേവന കാലാവധി ദീർഘിപ്പിച്ചു കിട്ടിയ ശ്രീ.വിഷ്ണു.വി.എസ് ന് നൽകുവാനും അറിയിക്കുന്നു.

| Sl.No | Name | Address | Name of Institution Studied |
|---|---|---|---|
| 1 | Avinash | Madathil (HO), Parannur P.O, Narikunni, Kozhikkode Pin:673585 Ph-9946813858 | Post Basic BSc Nursing College of Nursing TVM |
| 2 | Vishnu.S.O | Puthuvalvilaveedu, Ayilam P.O, Attingal Pin-695103 Ph-8848113967 | College of Nursing TVM-GNM |
| 3 | Abinkumar S P | Muttakkodu Veedu, Arrattukuzhi, koothali P.O Ph-7012048276 | GNM College of Nursing TVM |
| 4 | Vishnu Prasad | Mangalathu Veedu, Thattathumala P.O, Thiruvananthapuram-695614 Ph-7034626905 | Post Basic BSc Nursing College of Nursing TVM |
| 5 | Akhil.V.S | Varuthattu Veedu Kazhivoor Kazhivoor P.O Thiruvananthapuram Ph-7356682694 | GNM College of Nursing TVM- |
| 6 | Sarika.S.S | Ayanivilakathu Veedu Mylekonam, Killy Kollode P.O-695571 Thiruvananthapuram 8589077274 | GNM College of Nursing Kottayam |

Signed by
Thomas Mathew
Date: 31-07-2024 08:10:24

വിശ്വസ്തതയോടെ,

THOMAS MATHEW
DIRECTOR

ഉള്ളടക്കം: മേൽപറഞ്ഞത്.

പകർപ്പ്: സൂപ്രണ്ട്, മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം